(സി) സാമ്പത്തികശേഷിയുടെ കുറവുകൊണ്ട് ഏതെങ്കിലും ലൈസൻസി മില്ലിന്റെ പ്രവർത്തനം ആരംഭിക്കാതെയുണ്ടോ ;

(ഡി) ആലപ്പുഴ ടെക്സ്റ്റയിൽ മില്ലിന്റെ പ്രവർത്തനം എന്തായി ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ&ബി) വിവരങ്ങൾ അടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട് *

(സി) ഇല്ല.

(ഡി) വിവരങ്ങൾ അടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.*

വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ സ്ഥാപനങ്ങൾ.

* 489. [26] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായ എസ്റ്റേറ്റുകളിലായി ഏതു വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു ; ഏതെല്ലാം ;

(ബി) തൃശ്ശൂർ വ്യവസായ എസ്റ്റേറ്റിൽ നിർമ്മിക്കുന്ന സാധനങ്ങൾ ഏതൊക്കെ ; ഓരോ സ്ഥാപനത്തിന്റെയും ഉടമസ്ഥന്മാർ ആരൊക്കെ ;

(സി) വ്യവസായ എസ്റ്റേറ്റുകളിലെ സ്ഥാപനങ്ങൾക്കായി 1962–63–ൽ പെർമിറ്റുപ്രകാരം അനുവദിച്ചിട്ടുള്ള ഇരുമ്പ്, പിത്തള തുടങ്ങിയ ലോഹവസ്തുക്കളുടെ കണക്ക് ഓരോ എസ്റ്റേറ്റുകളുടെയും വിവിധ സ്ഥാപനങ്ങൾക്ക് നൽകിയതു് ഏതുയാണെന്നു കണക്കു പറയുമോ ;

(ഡി) ഇത്തരം പെർമിറ്റ് അനുസരിച്ച് ലഭിച്ച സാധനങ്ങൾ ഉപയോഗപ്പെടുത്താതെ എസ്റ്റേറ്റിനു പുറത്തു വില്പന നടത്തിയതായി വല്ലവരെപ്പറ്റിയും ഗവൺമെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുതു വ്യക്തമാക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 111. ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) വിവരങ്ങൾ അടങ്ങിയ ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(സി) 1962 ഏപ്രിൽ മുതൽ 1963 മാർച്ച് വരെ കൊടുത്ത ലോഹവസ്തുക്കളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. പിത്തള പെർമിറ്റുപ്രകാരം വ്യവസായഡിപ്പാർട്ടുമെൻറു കൊടുക്കുന്നില്ല.

(ഡി) കൊല്ലകടവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെപ്പറ്റി ഒരു പരാതി ലഭിച്ചിരുന്നു. അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയാതിരുന്നതിനാൽ നടപടിയൊന്നും നടത്തിയില്ല.

സ്കൂൾ കെട്ടിടം പണി.

* 490. [35] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെൻറു വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ കേടുവന്നിട്ടുള്ളതിനെപ്പറ്റി ഏതു പരാതികളും ലഭിച്ചിട്ടുണ്ട് ;

* Appendix IV.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എറണാകുളം ജില്ലയിൽപ്പെട്ട ആമ്പല്ലൂർ ജൂനിയർ ബേസിക്ക് സ്കൂൾ കെട്ടിടം കേടുവന്ന കിടക്കുകയാണെന്നും പുതിയ ഷെഡ്ഡ് കെട്ടിയിട്ട് ക്ലാസ്സ് തുടങ്ങണമെന്നും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടി എടുത്തു ;

(ഡി) താൽക്കാലികമായി ഷെഡ്ഡ് കെട്ടാനും സ്കൂളിനു് എടുത്തിട്ടുള്ള സ്ഥലത്തു് സ്ഥിരം കെട്ടിടം ഉണ്ടാക്കാനും നടപടികളെടുക്കുമോ ?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സ്കൂൾ കെട്ടിടങ്ങളും കേടുവന്നതിനെപ്പറ്റിയുള്ള പരാതികളും പ്രത്യേകം കണക്കു് വച്ചിട്ടില്ലാത്തതിനാൽ എത്രയെന്നു് പറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

(സി) വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം എക്സിക്യൂട്ടീവു് എൻജിനീയർ, പരാതി അയച്ചുകൊടുക്കുകയും സ്കൂൾ കെട്ടിടം കെട്ടുന്നതിനുവേണ്ട അടിയന്തിരനടപടികളെടുക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ടു്.

(ഡി) നടപടികളെടുത്തുവരുന്നു.

UNSTARRED QUESTION AND ANSWER

കാപ്പിബോർഡു് ലോണും, ആദായനികുതിയും.

71. [2] **ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പിബോർഡിൽനിന്നു് ഇൻറൻസീവു് കൺട്രിവേഷനു് ലോൺ വാങ്ങി തോട്ട പ്രവൃത്തി എടുക്കുന്ന തോട്ടങ്ങൾക്കു് കാർഷികാദായനികുതി ഉദ്യോഗസ്ഥൻ ചെലവു കണക്കാക്കുമ്പോൾ കാപ്പിബോർഡു് ലെയിസൺ ഉദ്യോഗസ്ഥൻ പരിശോധിക്കുന്ന കണക്കുകൾ അംഗീകരിക്കണമെന്നും നിർദ്ദേശം കൊടുക്കാത്ത കാരണം യഥാർത്ഥ ചെലവുകൾ അംഗീകരിക്കപ്പെടാതെ പോകുന്നുണ്ടെന്നുള്ള ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതുകൊണ്ടു് അത്തരം ചെലവുകളും ബോർഡിൽനിന്നു് കടം വാങ്ങിയ പലിശയും മുതലും അടക്കുന്ന സംഖ്യകളും അംഗീകരിക്കണമെന്നു് കാർഷികാദായനികുതി ഉദ്യോഗസ്ഥന്മാർക്കു് നിർദ്ദേശം കൊടുക്കുവാൻ ഭയവുണ്ടാകുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) കാർഷികാദായനികുതി നിയമം 5-ാം വകുപ്പിൻറെ പരിധിയിൽപ്പെടുന്ന ചിലവിനങ്ങളെല്ലാം തക്കതായ തെളിവുകൾ ഉള്ളപക്ഷം കാർഷികാദായനികുതി ഉദ്യോഗസ്ഥന്മാർ അനുവദിച്ചു കൊടുക്കാറുണ്ടു്. നിയമാനുസരണമുള്ള ചിലവിനങ്ങൾ അനുവദിക്കുന്നതിനു പ്രത്യേകം നിർദ്ദേശങ്ങൾ കൊടുക്കേണ്ട ആവശ്യമില്ലാത്തതും നിയമപരിധിയിൽപ്പെടാത്ത ചിലവിനങ്ങൾ അനുവദിക്കണമെന്നു് നിർദ്ദേശം കൊടുക്കുവാൻ നിവൃത്തിയില്ലാത്തതും ആകുന്നു.

Mr. Chairman : Order, order. Question time is over.

LIBRARY ARCHIVES Kerala Legislative Assembly